**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **17-03-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാന ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നികുതി ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്ത് നികുതിച്ചോർച്ച ഉണ്ടാകുന്നു എന്നതുമായി ബന്ധപ്പെട്ട പല അവലോകനങ്ങളും സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായ ഒരു നികുതി സമ്പ്രദായമാകയാൽ നൂതനവും വ്യത്യസ്തവുമായ നികുതി വെട്ടിപ്പ് രീതികളാണ് കണ്ടുവരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുമെന്നതിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കിയതും ചെക്ക് പോസ്റ്റ് സംവിധാനം പൂർണ്ണമായും നിർത്തലാക്കിയതും ജി.എസ്.ടി. യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ അവശ്യമാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതിവെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, അഡ്ജുഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. സംവിധാനത്തിന് അനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി പുനഃസംഘടന |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തൽ, ഡാറ്റാ അനാലിറ്റിക്, ANPR മോണിറ്ററിങ് എന്നിവ വിപുലപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച ട്രെയിനിങ് നടത്തുകയും അതുവഴി ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. വകുപ്പിലെ എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്ക് വേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടികളും നടത്തിവരുന്നു. നികുതിവെട്ടിപ്പ് തടയുന്നതിലേക്കായി പൊതുജനങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ